# ദാനിയേൽ രണ്ടു വലിയ പരിശോധനകൾ ജയിച്ചു.

സാക് പുന്നൻ

WFTW 16 മാർച്ച് 2014

വിദ്വാന്മാർക്ക് രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കാൻ കഴിയാതിരിക്കുകയും, ബാബിലോണിലുള്ള എല്ലാ വിദ്വാന്മാരേയും നശിപ്പിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തപ്പോൾ ദാനിയേൽ പരിശോധിക്കപ്പെടുകയായിരുന്നു. (ദാനി2:113). ദാനിയേൽ ഈ കാര്യം കേട്ടപ്പോൾ അവൻ ശാന്തനായി ആ സാഹചര്യത്തെ വലിയ വിവേകത്തോടെ കൈകാര്യം ചെയ്തു. ഇവിടെ ഇതാ വലിയ വിവേകമുള്ള യുവാവ്.

ദാനിയേലിനെങ്ങനെയാണ് നെബുഖദ്നേസറിനുണ്ടായ സ്വപ്നത്തിനുള്ള ഉത്തരം കിട്ടിയത്. എല്ലാറ്റിനും മുമ്പേ, ദൈവം അത് അവന് വെളിപ്പെടുത്തി കൊടുക്കുമെന്ന വിശ്വാസം അവനുണ്ടായിരുന്നു. അവൻ ദൈവത്തിന്റെ അടുത്തേയ്ക്ക് പോയി. അവൻ തന്റെ സ്നേഹിതൻമാരെ വിളിച്ചു(ദാനി2:17). നമുക്ക് വളരെ ബുദ്ധിമുട്ടുള്ള ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുമ്പോൾ പ്രാർത്ഥനയിലുള്ള കൂട്ടായ്മക്ക് വലിയ വിലയുണ്ട്. പ്രാർത്ഥനയിലുള്ള കൂട്ടായ്മയുടെ പ്രമാണം ദാനിയേൽ മനസ്സിലാക്കി. അവൻ പഴയ ഉടമ്പടിയുടെ കാലത്ത് ജീവിച്ചിരിക്കുന്ന പുതിയ ഉടമ്പടി പ്രകാരമുള്ള ഒരു മനുഷ്യനായിരുന്നു.അവന്റെ മനോഭാവം ഇങ്ങനെയായിരുന്നു. ' ഈ കാര്യത്തെ സംബന്ധിച്ച് ഞാൻ തന്നെ പ്രാർത്ഥിക്കാതെ എന്റെ മൂന്ന് സഹോദരന്മാരേയും കൂടെ എന്നോട് ചേർത്ത്, ഞങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാം. അങ്ങനെ അവർ ഒരുമിച്ച് പ്രാർത്ഥിച്ചു. അവൻ പറഞ്ഞു ' ദൈവം നമ്മോടു വെളിപ്പെടുത്തി തരികയും ചെയ്യേണ്ടതിന് ചോദിക്കാം'. (ദാനി 2:18).

അവർ പ്രാർത്ഥന തുടങ്ങിയത് സ്തുതിയുടെ ഒരു സമയത്തോട് കൂടിയാണ് ഇത് എപ്പോഴും ഒരു നല്ല ശീലമാണ്. അവർ പറഞ്ഞു ' ദൈവത്തെ അവന്റെ പരമാധികാരത്തിനായി സ്തുതിക്കുന്നു. അവനാണ് ലോകത്തിൽ ഉള്ള എല്ലാ സംഭവങ്ങളുടേയും കാലഗതികളെ നിശ്ചയിക്കുന്നത്. അവൻ രാജാക്കന്മാരെ നീക്കുകയും വാഴിക്കുകയും ചെയ്യുന്നു. അവൻ ജ്ഞാനികൾക്ക് ജ്ഞാനവും വിവേകികൾക്ക് വിവേകവും നൽകുന്നു. അവൻ അഗാധവും ഗൂഢവുമായുള്ളതു വെളിപ്പെടുത്തുന്നു. നീ ഞങ്ങൾക്ക് ജ്ഞാനവും ബലവും തന്നിരിക്കുന്നതുകൊണ്ട് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുകയും സ്തുതിക്കുകയും ചെയ്യുന്നു.' (ദാനി2:2023). ഏതെങ്കിലും സമയത്ത് പ്രാർത്ഥനയിൽ മുന്നേറാൻ കഴിയുന്നില്ല എന്നുകാണുമ്പോൾ നിങ്ങൾ കർത്താവിനെ സ്തുതിക്കാൻ തുടങ്ങണം. ദൈവത്തിന്റെ വലിപ്പത്തെക്കുറിച്ച് ചിന്തിക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുക.അപ്പോൾ പെട്ടെന്ന് തന്നെ അന്തരീക്ഷം തെളിഞ്ഞുവരുന്നതു കാണാം.

അപ്പോൾ ദൈവം ദാനിയേലിന് സ്വപ്നവും അതിന്റെ അർത്ഥവും വെളിപ്പെടുത്തി കൊടുത്തു. ' ഇത് എന്റെ ബുദ്ധികൊണ്ടല്ല. ദൈവം എനിക്കിത് വെളിപ്പെടുത്തിയതുകൊണ്ടാണ്' എന്ന് സമ്മതിച്ചുകൊണ്ട് അവൻ രാജാവിന്റെ അടുക്കൽ ചെല്ലുകയും രാജാവിന് ഉത്തരം കൊടുക്കുകയും ചെയ്തു. ദാനിയേൽ ദൈവത്തിന് എല്ലാ മഹത്വവും കൊടുക്കാൻ മനസ്സുള്ള വിനീതനായ ഒരു യുവാവായിരുന്നു. ദൈവം അങ്ങനെയുള്ള ആളുകൾക്ക് തന്റെ സത്യങ്ങൾ വെളിപ്പെടുത്തികൊടുക്കുന്നു.

ദാനിയേൽ വീണ്ടും പരീക്ഷിക്കപ്പെടുന്നത് ആ രാജ്യത്തിലെ ദാനിയേലിനെക്കുറിച്ച് അസൂയാലുക്കളായ ദുഷ്ടരായ ആളുകൾ അവനെ നശിപ്പിക്കാൻ ആഗ്രഹിച്ചപ്പോഴാണ് അവർ രാജാവിന്റെ അടുക്കൽ ചെന്ന് പ്രാഥമികമായി നേരിട്ട് ദാനിയേലിന് വിരോധമായി ഒരു നിയമം അയാളെക്കൊണ്ട് പുറപ്പെടുവിച്ചു. ഭീഷണി ഇതായിരുന്നു. ' ഏതെങ്കിലും മറ്റ് ദൈവത്തോട് പ്രാർത്ഥിച്ചാൽ നീ സിംഹങ്ങൾക്ക് എറിയപ്പെടും. (ദാനി 6:613).

രാജാവ് ഈ നിയമം പുറപ്പെടുവിച്ചു എന്ന് ദാനിയേൽ കേട്ടപ്പോൾ അദ്ദേഹം എന്താണ് ചെയ്തത്? അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ചു. അദ്ദേഹം ഏതൊരു രാജാവിനേക്കാളും, ഭരണകൂടത്തേക്കാളും അധികം ദൈവത്തെ ഭയപ്പെട്ടു. പിന്നീട് വന്ന നാളുകളിൽ അപ്പോസ്തലന്മാർ പറയാനിരിക്കുന്നതുപോലെ ദാനിയേലിന്റെ മനോഭാവവും ' മനുഷ്യരേക്കാൾ ഞങ്ങൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു.' (അപ്പോപ്ര 5:29) എന്നായിരുന്നു. അതുകൊണ്ട് രാജശാസനം എന്തു ചെയ്യരുതെന്ന് പറഞ്ഞോ അത് അവൻ ചെയ്തു. തന്റെ ദൈവത്തോട് പ്രാർത്ഥിക്കുന്നതിൽ നിന്ന് അവനെ തടയുവാൻ ഒരു നിയമത്തിനും കഴിഞ്ഞില്ല. അദ്ദേഹം

എല്ലായ്പ്പോഴും പ്രാർഥിച്ചിരിക്കുന്നത് യരുശലേമിന് നേരേ ജനാലകൾ തുറന്നിട്ടുകൊണ്ടായിരുന്നു. ഇപ്പോൾ അവന് ജനാലകൾ അടച്ചിട്ടുകൊണ്ട് പ്രാർത്ഥിക്കുന്ന കാര്യം പരിഗണിക്കാമായിരുന്നു. എന്നാൽ ഏക സത്യദൈവത്തോട് പ്രാർത്ഥിക്കുന്നതായി കാണപ്പെടുന്നതിൽ അവൻ ലജ്ജിതനായിരുന്നില്ല. അതുകൊണ്ട് അവൻ ജനാലകൾ തുറന്നുതന്നെ വച്ചു. നാമും കർത്താവായ യേശുവിന്റെ ശിഷ്യന്മാർ എന്നു പരസ്യമായി അറിയപ്പെടുന്നതിൽ ലജ്ജിതരാകരുത്.

അവൻ പ്രാർത്ഥിക്കുന്നത് ഒരു ദിവസം ഒരു നേരം മാത്രമല്ല അവൻ എപ്പോഴും ചെയ്തിരുന്നതുപോലെ ദിവസം മൂന്ന് നേരം. അസൂയാലുക്കളായ ആ ഉദ്യോഗസ്ഥർ ഈ നിമിഷത്തിനായി കാത്തിരിക്കുകയായിരുന്നു. ദാനിയേൽ പ്രാർത്ഥിക്കുന്നതു കണ്ടയുടൻ അവർ രാജാവിനോട് അവന്റെ കാര്യം അറിയിച്ചു. രാജാവ് ദാനിയേലിനെ ഇഷ്ടപ്പെടുകയും അവനെ രക്ഷിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ ആ ഉദ്രോഗസ്ഥന്മാർ അവനെ ഓർമ്മിപ്പിച്ചത് ' മേദ്യരുടേയും പാർസികളുടേയും നിയമം മാറ്റിക്കൂടാത്തതാണ്.' അതുകൊണ്ട് അവന് ദാനിയേലിന് സിംഹങ്ങളുടെ ഗുഹയിൽ എറിഞ്ഞു കളയേണ്ടി വന്നു. എന്നാൽ നമ്മുക്കറിയാവുന്നതുപോലെ, ദൈവം ദാനിയേലിനെ സിംഹങ്ങളിൽ നിന്ന് രക്ഷിച്ചു.

മേദ്യപാർസിയിലെ ജനങ്ങൾക്ക് ഏകസത്യദൈവത്തെ സംബന്ധിച്ച ഒരു സാക്ഷ്യമായിരുന്നു ദാനിയേലിന്റെ ജീവിതം . മറ്റുള്ളവർക്ക് നമ്മുടെ സാക്ഷ്യം വെളിപ്പെടുത്തികൊടുക്കാനായി ദൈവം നമുക്കും ശോധനകൾ വരുവാൻ അനുവദിക്കുന്നു. നാം കഷ്ടതയിൽ സഹിഷ്ണത കാണിക്കുമ്പോഴും നമ്മെ പീഡിപ്പിക്കുന്നവരെ നാം സ്നേഹിക്കുമ്പോഴും മറ്റുള്ളവർ നമ്മിൽ ക്രിസ്തുവിനെ കാണുന്നു. ഒരുനാൾ സുവിശേഷത്തിന് വേണ്ടി നമ്മുടെ ജീവൻ വച്ചുകൊടുക്കേണ്ടി വന്നാൽ തല ഉയർത്തി പിടിച്ചുകൊണ്ട് ഹൃദയത്തിൽ സ്തുതിയുടെ ആത്മാവോടു കൂടി നമ്മുക്കതിനെ വച്ചുകൊടുക്കാം. കാരണം നമ്മുക്കറിയാം നമ്മുടെ ദൈവം സിംഹാസനത്തിലാണെന്ന്.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)